(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി3/10/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in

ഫോൺ-0495 2371012

തീയതി:10.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നരിപ്പറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി3/10 /2020 തീയതി:10.01.2020

**കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ**

**2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.2.2019 മുതൽ 09.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എം വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.12. 2019 മുതൽ 23.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഗിരീശൻ പാറപ്പൊയിൽ<br>ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.രാജീവൻ എൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ജാസിർ സി.എം<br>ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.എ.കെ.നാരായണി | 01.04.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | | ശ്രീ.ബൈജു ജോസ് | 01/04/2018 മുതൽ 24/06/2018 വരെ |
| | | ശ്രീ.സൂര്യകാന്ത് കെ.കെ. | 25/06/2018 മുതൽ 12/02/2018 വരെ |
| | | ശ്രീ.എം.എം വാസു – അസി.സെക്രട്ടറി (സെക്രട്ടറി ഇൻ-ചാർജ്) | 13/02/2019 മുതൽ 23/03/2019 വരെ |
| | : | ശ്രീ.രമേശ് ബാബു എം | 23/03/2019 മുതൽ 31/03/2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.എം.എം വാസു | 01/04/2018 മുതൽ 31/03/2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി അഞ്ജലി കൃഷ്ണ | 01/04/2018 മുതൽ 26/06/2018 വരെ |
| | | ശ്രീമതി നിസ്സ ലത്തീഫ് | 27/06/2018 മുതൽ 16/08/2018 വരെ |
| | | ശ്രീമതി അഞ്ജന കെ.പി | 17/08/2018 മുതൽ 31/03/2019 വരെ |

| | | | |
|---|---|---|---|
| വെറ്റിനറി സർജൻ | | ഡോ.റീന കെ | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | | ഡോ, ഗ്രീഷ്മപ്രിയ | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ.ഹോമിയോ | | ഡോ.ലവീണ | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | | ഡോ.കെ.പി രമേശൻ | 01/04/2018 മുതൽ 08/07/2018 വരെ |
| | | ഡോ.ബേബി രസ്ന | 08/07/2018 മുതൽ 15/10/2018 വരെ |
| | | ഡോ.സജിത്ത് | 15/10/2018 മുതൽ 31/03/2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.അരുൺ സേവ്യർ | 01/04/2018 മുതൽ 31/03/2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.ലൌലി മാത്യു | 01/04/2018 മുതൽ 31/03/2019 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ സാരംഗ് നാരായണൻ | 01/04/2018 മുതൽ 31/05/2018 വരെ |
| | | ശ്രീ.രവീന്ദ്രൻ എ.വി | 01/06/2018 മുതൽ 02/07/2018 വരെ |
| | | ശ്രീമതി സുഹറ വി.വി | 03/07/2018 മുതൽ 31/03/2019 വരെ |

| | | | |
|---|---|---|---|
| ഡയറി ഫാം ഇൻസ്പക്ടർ | | ശ്രീ.മഹേഷ് കെ.കെ | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ | | ശ്രീ .സാബു എ (തിന്നൂർ സർക്കിൾ) | 01/04/2018 മുതൽ 31/03/2019 വരെ |
| | | ശ്രീമതി ശ്രീജ എ | 01/04/2018 മുതൽ 31/03/2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തികനില | 1-2 |
| 3 | ക്യാഷ് ബാലൻസ് പരിശോധന | 1-3 |
| 4 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-4 |
| 5 | വാർഷിക കണക്കിലെ അപാകതകൾ | 1-5 |
| 6 | വസ്തുനികുതി - നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല. | 1-6 |
| 7 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവര് മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരിത്തിയിട്ടില്ല. | 1-7 |

| | | |
|---|---|---|
| 8 | ഡി & ഒ ലൈസൻസ് - അപാകതകൾ | 1-8 |
| 9 | പൊതു മരാമത്ത് പ്രവൃത്തികൾ - നിർവഹണം നടന്നില്ല. | 1-9 |
| 10 | റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷൻ - ഓവർ ഹെഡ്സ് ചാർജ്ജ് നൽകുന്നത് അനർഹമായ നിരക്കിൽ | 1-10 |
| 11 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ നിർവഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-11 |
| 12 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം - പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല | 1-12 |
| 13 | കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-13 |
| 14 | പമ്പ് ഹൗസ് - വൈദ്യുതി ചാർജ് അടവാക്കിയതിലെ അപാകതകൾ | 1-14 |
| 15 | ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് തുക അനുവദിച്ചതിലെ അപാകതകൾ | 1-15 |
| 16 | വനിതാ വ്യവസായ കേന്ദ്രം - കരാറിലേർപ്പെടാതെ ഐ.ടി.ഐ ക്ക് വിട്ടു നൽകി | 1-16 |
| 17 | സൗജന്യമായി ലഭിച്ച ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17 |
| 18 | സാന്ത്വന പരിചരണം - നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല. | 1-18 |
| 19 | മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്രവികസനം - പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-19 |
| 20 | വിവിധോദ്ദേശ്യങ്ങൾക്കുള്ള/സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത | 1-20 |

| | | |
|---|---|---|
| 21 | എ.കെ.ജി മെമ്മോറിയൽ സാസ്കാരിക നിലയം ലൈബ്രറി പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-21 |
| 22 | മരാമത്ത് പ്രവൃത്തി - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ പരിഗണിച്ചില്ല. | 1-22 |
| 23 | അങ്കണവാടികൾക്ക് ഗ്യാസിന് സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല | 1-23 |
| 24 | ഐ.കെ.എം ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 124 |
| 25 | എസ്.എസ്.എ ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല. | 1-25 |
| 26 | ആട് വളർത്തൽ സബ്സിഡി തുക ഗുണഭോക്താവിന് കൈമാറാതെ ബേങ്കിൽ സൂക്ഷിച്ചിരിക്കുന്നു. | 1-26 |
| 27 | വനിതകൾക്ക് കറവപ്പശു വിതരണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താത്തതും മറ്റ് അപാകതകളും | 1-27 |
| 28 | പോത്ത് കുട്ടി വിതരണം സബ്സിഡി തുക ഗുണഭോക്താവിന് കൈമാറാതെ ബേങ്കിൽ സൂക്ഷിച്ചിരിക്കുന്നു. | 1-28 |
| 29 | കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല. | 1-29 |
| 30 | ലൈഫ് ഭവന പദ്ധതി മുഴുവൻ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തിയാക്കിയില്ല. | 1-30 |

| | | |
|---|---|---|
| | **ഭാഗം – 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 31 | ഇല്ല | |
| | **ഭാഗം – 3** | |
| | **ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 32 | ഇല്ല | |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 33 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 38 | സ്ഥിരനിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |



# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് 16.03.2018 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരം മുന്നിരിപ്പ് 1,63,85,711.49 രൂപയും പ്രതീക്ഷിത വരവ് 23,53,87,648 രൂപയും പ്രതീക്ഷിത ചെലവ് 24,60,55,058 രൂപയുമാണ്. പുതുക്കിയ ബഡ്ജറ്റ് 31.01.2019 ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 39,26,518.70 |
| വരവ് | 9,54,46,661 |
| **ആകെ** | 9,93,73,179.70 |
| ചെലവ് | 8,36,09,210 |
| നീക്കിയിരിപ്പ് | 1,57,63,969.70 |

## 1-3 ക്യാഷ് ബാലൻസ് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ കൈയ്യിരിപ്പ് തുക 20,110 രൂപ ഗ്രാമപഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ 10.12.2019 ന് പരിശോധിച്ച് കൃത്യത ബോധ്യപ്പെട്ടിട്ടുണ്ട്.

# 1-4 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്ക സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ, അല്ലാത്തപക്ഷം പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്നതിൽ നിന്നും ഇത് വ്യക്തമാകുന്നു. അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത ഇതുമൂലം ഉണ്ടെന്നിരിക്കെ സ്ഥാപനത്തിൽ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല. നിയന്ത്രണത്തിലെ വീഴ്ചയ്ക്കൊപ്പം വരുമാന ചോർച്ചയ്ക്കും ഇത് ഇടയാക്കുന്നു.

D&O ലൈസൻസിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ ഫീസിനത്തിൽ 64900/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 42900/- രൂപയുമാണ് വന്നിരിക്കുന്നത്. 2017-18 വർഷത്തിൽ മുൻകൂർ വരവ് 50/- രൂപ മാത്രമാണ്. ലൈസൻസിന്റെ കാര്യത്തിൽ പുതുതായി എടുക്കുന്നതും പുതുക്കുന്നതും ഒരു മാസം മുമ്പേയായിരിക്കണം.അതായത് പുതുക്കുന്നവയുടെ കാര്യത്തിൽ ഫെബ്രുവരി മാസത്തിനുള്ളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം. ലൈസൻസ് പുതുക്കാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് കാണാം.

ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിന്റെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം നിർണ്ണയിച്ച് കൊടുക്കാത്തതാണ് മേൽ അപാകതയ്ക്കുള്ള ഒരു പ്രധാന കാരണം.

2) സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു

3) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

4) സ്ഥാപനത്തിന്റെ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതും നികുതി നിർണ്ണയം നടത്തുന്നതും നികുതി നിർണ്ണയ വിഭാഗം തന്നെയാണ്. പൂർത്തീകരിച്ച കെട്ടിടങ്ങളെല്ലാം തന്നെ നികുതിനിർണ്ണയിക്കപ്പെട്ടവയാണ് എന്ന ഉറപ്പ് വരുത്തുകയെന്ന രജിസ്റ്ററിന്റെ ഒരു പ്രധാന ഉദ്ദേശ്യം ഇതുമൂലം സാധ്യമാകുന്നില്ല. നിർമ്മാണപൂർത്തികരണം ഉറപ്പുവരുത്തുന്ന വിഭാഗം തന്നെ

രജിസ്റ്റർ സൂക്ഷിച്ചാൽ മാത്രമാണ് ഇത് സാധ്യമാകുക

5) വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

6) ബില്ലുകൾ/ഇൻവോയിസുകൾ,രശീതികൾ,ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് ചില വൗച്ചറുകളുടേയും കാര്യത്തിൽ ക്യാൻസൽ ചെയ്തിട്ടില്ല. തുക നല്കിയ ചെലവുകൾ വീണ്ടും നല്കാനുള്ള സാധ്യത ഇത് മൂലം സംജാതമാകാം.

7) ഫർണ്ണിച്ചർ ഉൾപ്പടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കുകയോ ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം.

8) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല.വസ്തുനികുതി ഉൾപ്പടെയുള്ള വരവിനങ്ങളിൽ ഡിമാന്റിൽ പൂർണ്ണത കൈവരിച്ചിട്ടില്ല.

9) വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

## 1-5 വാർഷിക കണക്കിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2). തൊഴിൽ നികുതി, കെട്ടിട വാടക എന്നീ ഇനങ്ങളിൽ കിട്ടാനവശേഷിക്കുന്ന തുകയുടെ വിശദ വിവരം സ്ഥാപനത്തിൽ ലഭ്യമല്ല.

3) സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസ് ഇനത്തിൽ തൻവർഷത്തെ ചെലവ് വാർഷിക കണക്കിൽ (RP-47) 900025 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് സ്ഥാപനത്തിൽ സൂക്ഷിച്ച രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) 2017-18 ലെ പ്രോപ്പർട്ടി ടാക്സ് റെസിഡെൻഷ്യൽ ഇനത്തിലെ അഡ്വാൻസ് കളക്ഷൻ 76255/- രൂപയാണ്. 2018-19 ലെ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക 60909/- രൂപയും അഡ്വാൻസ് കളക്ഷൻ തുക

6681/- രൂപയുമാണ്. ബുക്ക് അഡ്ജസ്റ്റ്മെന്റിന് ശേഷം 2018-19 ൽ റെസിഡെൻഷ്യൽ ഇനത്തിൽ ലഭിക്കേണ്ട ബാലൻസ് തുക 22027/- രൂപയാണ്. എന്നാൽ 2018-19 ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ-ബി-9 പ്രകാരം ബാലൻസ് തുക 338547/- രൂപയാണ്. 316520/- രൂപയുടെ വ്യത്യാസം നില നില്ക്കുന്നു. സമാനമായി പ്രോപ്പർട്ടി ടാക്സ് നോൺ റെസിഡെൻഷ്യൽ ഇനത്തിലും 11422/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

5) വാർഷിക കണക്ക് പ്രകാരം സ്ഥിരം ആസ്തികൾക്ക് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എത്ര ശതമാനമാണെന്നോ ആസ്തികളുടെ ബുക്ക് വാല്യൂ എത്രയാണെന്നോ സംബന്ധിച്ച വിവരങ്ങളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല.

6) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോ), പ്രധാനപ്പെട്ട എക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-6 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പവരുത്തി യി ട്ടില്ല

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു

**<u>1.രേഖകൾ പൊരുത്തപ്പെടുന്നില്ല.</u>**

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 8695 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ്മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ്വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 7592 നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ 1117 എണ്ണമാണ്. 31.03.2019 വരെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട 1979 കെട്ടിടങ്ങളാണുള്ളത്. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഡിമാന്റുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല.

**2. <u>പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.</u>**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ

കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

3. **ലൈസൻസിംഗിലെ പ്രവണതകൾ പരിശോധിക്കപ്പെടുന്നില്ല**

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികൃത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 55288/-രൂപയും 87124/- രൂപയുമാണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ അനധികൃത നിർമ്മാണം വലിയ രീതിയിൽ നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുപോകാനുള്ള സാഹചര്യം നിലനിൽക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നൽകേണ്ടതും അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുമാണ്.

1. സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ

പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതും/നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-7 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ വരുത്തിയിട്ടില്ല

തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാധ്യസ്ഥരായ മുഴുവൻ ആളുകളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിൽ ഉണ്ടായ വീഴ്ചയും പരിഹാര നിർദ്ദേശങ്ങളും കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

എ). സഞ്ചയ അസസ്മെന്റ്,ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1289 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 17 കെട്ടിടങ്ങൾക്ക് 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1272 കെട്ടിടങ്ങൾ നിലവിൽ ഉപയോഗപ്പെടുത്താനുള്ള സാധ്യതയുണ്ട്. എന്നാൽ ട്രേഡ്സ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 265 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ ഡി & ഒ ലൈസൻസ് അനുവദിക്കപ്പെട്ട 268 സ്ഥാപനങ്ങൾ 370 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 902 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 1272 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

സി). വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 268 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി). ടെയിഡ്സ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി ഡി&ഒ ലൈസൻസ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്നും അതുവഴി തൊഴിൽ നികുതി വരുമാനം കൂടി വർദ്ധിപ്പിക്കാമെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദമായ അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന്

നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്.റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും , ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3) തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയും, ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-8 ഡി&ഒ ലൈസൻസ് - അപാകതകൾ

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1289 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം 17 കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 1272 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് മിക്കവാറും സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 268 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 370 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 902 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനില്ക്കുന്നതായി കാണാം.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി ) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1006 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-9 പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല

നിർവ്വഹണം ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 56 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി. എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ (68എണ്ണം) ആകെ പ്രൊജക്ടുകളുടെ എണ്ണം 124 ആണ് . ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 5.8 കോടി രൂപയിൽ 2.92 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. (50.34% മാത്രം) പുതിയ പ്രൊജക്ടുകളിൽ 41 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ ഇത് 9 എണ്ണം വരുന്നുണ്ട്. നിർവ്വഹണത്തിലെ വീഴ്ചമൂലം താഴെ പറയും പ്രകാരം വിവിധ സർക്കാർ ഫണ്ടിനങ്ങളിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ സ്ഥാപനത്തിനായിട്ടില്ല.

| ഫണ്ടിനം | മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാത്ത തുക |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 4549810 | 3095640 | 1454170 |
| വികസനഫണ്ട് (ടി എസ് പി) | 260800 | 155831 | 104969 |

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14967114 | 7536670 | 7430444 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 27967865 | 14542439 | 13425426 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 7012289 | 2651320 | 4360969 |
| ആകെ | 54757878 | 27981900 | 26775978 |

ഇപ്രകാരം ചെലവഴിക്കാൻ കഴിയാത്ത 2.67 കോടി രൂപ, സ്പിൽ ഓവർ പ്രൊജക്ടിനൽപ്പടെയുള്ളതും, തൻവർഷ ബജറ്റ് അലോട്ട്മെന്റ് പ്രകാരം യഥാർത്ഥത്തിൽ ലഭ്യമല്ലാത്തതുമായ തുകകൂടി ഉൽപ്പെട്ടതാകയാൽ അത്രയും തുക നഷ്ടമായെന്ന് വിലയിരുത്താനാവില്ല. എന്നാൽ യഥാർത്ഥ ബജറ്റ് അലോട്ട്മെന്റിൽ ചെലവഴിക്കാതെ തൻവർഷം 48.53 ലക്ഷം രൂപ നഷ്ടമായതിൽ പ്രധാന പങ്ക് മരാമത്ത് മേഖലയ്ക്കാണെന്ന കാണാം. ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തീക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1. വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം
2. സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ/നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം

എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 56 പുതിയ പദ്ധതികളിൽ 54 എണ്ണത്തിന് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ കരാർ വച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്രയും പദ്ധതികൾക്ക് കരാർ ഒപ്പുവയ്ക്കാൻ 1.10.18 മുതൽ 8.3.19 വരെയുള്ള കാലയളവ് വേണ്ടി വന്നു. ഇതിന്റെ നാൾവഴി താഴെ കൊടുക്കുന്നു.

| ക്രമ നം | മാസം | ആകെ വച്ച കരാറുകൾ |
|---|---|---|
| 1 | ഒക്ടോബർ | 10 |
| 2 | നവംബർ | 8 |
| 3 | ഡിസംബർ | 3 |

| | | |
|---|---|---|
| 4 | ജനുവരി | 1 |
| 5 | ഫെബ്രുവരി | 27 |
| 6 | മാർച്ച് | 5 |

54 എണ്ണത്തിൽ 33 പദ്ധതികൾക്കും കരാർ വച്ചത് അവസാന 3 മാസങ്ങളിലാണെന്ന് കണക്കുകൾ കാണിക്കുന്നു. ഇതിൽ തന്നെ 27 എണ്ണം ഫെബ്രുവരിയിലും, 5 എണ്ണം മാർച്ചിലുമാണ് .50 ശതമാനത്തിലധികം പുതിയ പ്രവൃത്തികൾ ഓഡിറ്റ് വർഷത്തിൽ പൂർത്തികരിച്ച് തുക ചെലവഴിക്കാനാവില്ലെന്ന വ്യക്തമായ ധാരണ ജനുവരി മാസത്തിൽ തന്നെ സ്ഥാപനത്തിനുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ടെണ്ടറുകൾക്ക് കരാറുകാർ പ്രതികരിക്കാത്തതാണ് കരാറുകാരെ സമയബന്ധിതമായി കണ്ടെത്തുന്നതിനും അതുവഴി കരാർ വയ്ക്കുന്നതിനും വിഘാതമായതെന്ന് ഓഡിറ്റിൽ വിശദീകരിച്ചിട്ടുണ്ട്. ടെണ്ടറുകളിൽ മത്സരം ഉറപ്പ് വരുത്താൻ കഴിയാത്ത തരത്തിൽ അടങ്കൽ തുക ചെറുതാകുന്നത് ഇതിന് കാരണമായിട്ടുണ്ട്.

വാർഷിക പദ്ധതിയ്ക്ക് ഡി പി സി അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്ടുകൾക്ക് വെറ്റിംഗ്/ സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം. 18.6.18 ന് ഡി പി സി അംഗീകാരം ലഭിച്ചെങ്കിലും പുതിയ പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് സമർപ്പിക്കാൻ സപ്തംബർ മാസം വരെ വേണ്ടിവന്നു എന്ന് ഓഡിറ്റിൽ വിശദീകരിച്ചിട്ടുണ്ട്. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയത് മേൽ സ്ഥിതിവിശേഷത്തിന് കാരണമായി.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. നിർവ്വഹണത്തിന്റെ നിലവിലെ അവസ്ഥ നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിക്കുന്നതും രേഖപ്പെടുത്തപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർവ്വഹണം സമയബന്ധിതമാണോയെന്നും സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കുമോയെന്നതും കമ്മിറ്റി വിലയിരുത്തിക്കാണുന്നില്ല. കൂടാതെ നിർവ്വഹണത്തിന് തടസ്സമാകുന്ന കാര്യങ്ങൾ ചർച്ചചെയ്യുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥന് നല്കുകയോ ചെയ്യുന്നില്ല. ഒരു യോഗത്തിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് വിശദീകരണം

നൽകേണ്ടതാണ്. കൂടാതെ അപാകത ഭാവിയിൽ ഒഴിവാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രൊജക്ടുകൾ പ്രാധാന്യമനുസരിച്ച്

നിർവ്വഹണതിന് മുൻളുക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരിക്കേണ്ടതുമാണ്. പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രൊജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സമാകുന്നതിനൊപ്പം പ്രൊജക്ടുകളുടെ എണ്ണം കൂടുന്നതിനും ആത്യന്തികമായി ധനനഷ്ടത്തിനും ഇടയാക്കും

2. സ്ഥാപനത്തിൽ ലഭ്യമായ ധനപരവും മാനുഷികവുമായ വിഭവങ്ങൾക്ക് അനുസൃതമായി പ്രൊജക്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.

3. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേല്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-10 റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ - ഓവർഹെഡ്സ് ചാർജ്ജ് നല്കുന്നത് അനർഹമായ നിരക്കിൽ

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4 ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

3. ലേബർ നിയമ പ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 7.5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഓഡിറ്റ് വർഷം മരാമത്ത് മേഖലയിൽ 2.92 കോടി രൂപ വിനിയോഗിച്ച സ്ഥാപനത്തിൽ ഭൂരിഭാഗം തുകയും വിനിയോഗിച്ചിരിക്കുന്നത് റോഡ് പ്രവൃത്തികൾക്കാണെന്നതും ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിലാണെന്നതും പരിഗണിക്കുമ്പോൾ ഓവർ ഹെഡ്സ് ചാർജ്ജിനത്തിൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. സർക്കാർ തുക സ്വന്തം പണം ചെലവഴിക്കുന്ന സൂക്ഷ്മതയോടെ ചെലഴിക്കണമെന്ന, KFC ആർട്ടിക്കിൾ 40 (ബി)യിൽ പ്രതിപാദിക്കുന്ന, ഫിനാൻഷ്യൽ പ്രൊപ്പൈറ്റി ഇവിടെ പാലിക്കപ്പെട്ടില്ലെന്ന് കാണാം. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നൽകേണ്ടതും ഭാവിയിൽ ഇത് ഒഴിവാക്കേണ്ടതുമാണ്

# 1-11 സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

നിർവ്വഹണം - അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർമ്മിക്കപ്പെട്ട റോഡുകളിൽ ചിലത് പൂർണ്ണമായോ ഭാഗികമായോ സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകളായാണ് നിർമ്മിച്ചിരിക്കുന്നത്. പ്രവർത്തികളിലെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ച വിധത്തിലല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ

സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800,1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നല്കിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, കോൺക്രീറ്റ് പേവ്മെന്റുകൾക്ക് ഉപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തങ്ങളായ കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ഇവിടെ പ്രസക്തമാണ്. റോഡിന് ആവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ കഴിവ് എന്നിവ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ഇത് റോഡ് തകരുന്നതിന് ഇടയാക്കാം. മേല്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടേയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന കോഴ്സ് അഗ്രഗേറ്റ് (coarse aggregate) 25mm കൂടാൻ പാടില്ല എന്ന നിഷ്കർഷിക്കുമ്പോൾ 11.4.3.1ൽ 40 mm അഗ്രഗേറ്റ് വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ (materials) ബാഹുല്യവും വൈവിധ്യവും ഇവിടെ ശ്രദ്ധേയമാണ്. മേൽ വസ്തുതകൾ അടിസ്ഥാനപ്പെടുത്തുമ്പോൾ റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി ചെയ്യാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം നിർമ്മിക്കപ്പെട്ട ചില റോഡുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവുതുക |
|---|---|---|
| 1 | 38/19 കമ്മായി മാവുള്ള ചോല റോഡ് കോൺക്രീറ്റ് | 755806 |
| 2 | 35/19 GSTS തിന്നൂർ റോഡ് കോൺക്രീറ്റിംഗ് | 281908 |
| 3 | 194/19 വണ്ണത്താംകണ്ടി RK മുക്ക് റോഡ് | 469109 |
| 4 | 51/19 ട്രാൻസ്ഫോർമർ മുക്ക് താനിയുള്ളപറമ്പ് റോഡ് | 594669 |
| 5 | 79/19 മീനാറത്ത് ജാതിയോറ റോഡ് | 203516 |
| 6 | 182/19 ഹെൽത്ത് സെന്റർ ചാരുമ്മൽ റോഡ് | 700612 |

വിശദീകരണം നല്കുന്നതിനൊപ്പം തന്നെ അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-12 എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം -പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ

സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത ഈ റിപ്പോർട്ടുകൾ വ്യക്തത നല്കുന്നില്ല.

1. റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ
2. അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ
3. പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും
4. പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ
5. പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.
6. പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ്
7. മറ്റ് പ്രസക്തമായ കാര്യങ്ങൾ

കെട്ടിടങ്ങളുടെയും നിർമ്മിതിയുടേയും അറ്റകുറ്റപ്പണികളുടേയും കാര്യത്തിൽ മേൽ പോരായ്മകൾ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ കാണുന്നു.

ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നല്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് എസ്റ്റിമേറ്റുകൾ മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രൊജക്റ്റ് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

ഭാഗിക നിർമ്മിതി മൂലം പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കാനാവാതെ ഹ്രസ്വ കാലത്തേക്കോ, എന്നന്നേക്കുമായോ ധനനഷ്ടത്തിന് കാരണമാകുകയെന്ന ഗുരുതര വീഴ്ചയും ഇതുമൂലം സംജാതമാകാം. സാങ്കേതികാനുമതി നല്കുമ്പോൾ തന്നെ എസ്റ്റിമേറ്റുകളുടെ സമഗ്രത ഉറപ്പുവരുത്തുകയാണെങ്കിൽ മേൽ സാഹചര്യം ഒഴിവാക്കാൻ കഴിയും. എസ്റ്റിമേറ്റുകളുടെ സമഗ്രത സംബന്ധിച്ച സാങ്കേതികാനുമതി നല്കുന്ന ഉദ്യോഗസ്ഥന്റെ അജ്ഞതയ്ക്കുള്ള ഒരു കാരണം അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ടാണെന്നു കാണാം. കൂടാതെ, വരും വർഷങ്ങളിൽ മേൽ ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് അജ്ഞതയുണ്ടാകാനും അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇടയാക്കുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ഈ വീഴ്ചകൾക്ക് കാരണം അസി. എഞ്ചിനീയറാകയാൽ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും യാതൊരു മറുപടിയും നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. സ്വീകരിച്ച നടപടികളുടെ ഗുണഫലങ്ങൾ റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതുമാണ്.

## 1-13 കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

നിർവ്വഹണം : അസി എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അവസാന ബിൽ തുക നല്കിയ 20 പ്രൊജക്ടുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത് 1.4.17 ന ശേഷമായതിനാൽ എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത് അടിസ്ഥാന നിരക്കിനൊപ്പം മേൽ തീയതിമുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയാണ്. എന്നാൽ മേൽ പദ്ധതികളെല്ലാം കരാർ വച്ച് നിർവ്വഹണത്തിനായി കൈമാറിയത് 2018 ജനവരി മുതൽക്കാണ്. ഇതിനിടയിൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 39.22 % ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് മേൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് 1.4.17 മുതലുള്ള കോസ്റ്റ് ഇൻഡെക്സിന്റെ പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 2.94 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് അധികം നല്കിയ തുക കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഇടാക്കി വിവരം അറിയിക്കേണ്ടതാണ്. മേല്പറഞ്ഞ 20 പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു

പ്രൊജക്ടുകൾ-138, 140, 152, 166, 170, 174, 178, 183, 186, 187, 188, 190, 191, 192, 193, 194, 196, 197, 212, 222,

## 1-14 പമ്പ് ഹൌസ് -വൈദ്യുതി ചാർജ് അടവാക്കിയതിലെ അപാകതകൾ

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൊയ്യാൽ പമ്പ് ഹൌസ് കുടിവെള്ള പദ്ധതിക്ക് ഓഡിറ്റ് വർഷത്തിൽ വൈദ്യുതി ചാർജ് ഇനത്തിൽ 12255/- രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.

| ക്രമ നം | വൌച്ചർ നം& തിയ്യതി | അടവാക്കിയ തുക |
|---|---|---|
| 1 | 32-4/18-19, 16.04.2018 | 909 |
| 2 | 49-5/18-19, 21.05.2018 | 818 |
| 3 | 46-6/18-19,25.06.2018 | 487 |

| | | |
|---|---|---|
| 4 | 63-7/18-19,21.07.2018 | 768 |
| 5 | 51-8/18-9,20.08.2018 | 859 |
| 6 | 61-9/18-19,26.09.2018 | 668 |
| 7 | 30-10/18-19,11.10.2018 | 797 |
| 8 | 39-11/18-19,14.11.2018 | 794 |
| 9 | 61-12/18-19,26.12.2018 | 2489 |
| 10 | 52-1/18-19,15.01.2019 | 1111 |
| 11 | 47-3/18-19,5.03.2019 | 2555 |
| ആകെ തുക | | 12255 |

കുടിവെള്ള പദ്ധതികൾ നിർമ്മാണം പൂർത്തിയാകുമ്പോൾ/വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടുമ്പോൾ തുടർ നടത്തിപ്പിനും അറ്റകുറ്റ പണികൾക്കുമായി ഗുണഭോക്തൃ സമിതി രൂപീകരിച്ച് സമിതിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം സമിതിക്ക് കൈമാറണമെന്നിരിക്കെ, മേൽ പദ്ധതിയുടെ കറന്റ് ചാർജ് ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കാൻ ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. എല്ലാ കുടിവെള്ള പദ്ധതികളുടേയും കാര്യത്തിൽ ഇത്തരം ചെലവുകൾ ഗുണഭോക്താക്കൾ തന്നെ വഹിച്ചുവരുന്ന സാഹചര്യത്തിൽ തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. വ്യക്തമായ വിശദീകരണം നല്കാൻ പറ്റാത്ത സാഹചര്യത്തിൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. ഉടനടി അപാകതകൾ പരിഹരിക്കേണ്ടതും വിശദീകരണം നൽകേണ്ടതുമാണ് .

## 1-15 ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് തുക അനുവദിച്ചതിലെ അപാകതകൾ

വെറ്റിനറി സർജൻ നടപ്പിലാക്കിയ മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ ഗുണഭോക്താക്കളിൽ നിന്നും രശീതി വഴി തുക പിരിച്ചെടുക്കുന്നതിനായി 17.03.2018 മുതൽ 31.03.2018 വരെ ദിവസം 400/- രൂപ നിരക്കിൽ 13 ദിവസത്തേക്ക് ശ്രീമതി.സജിന പി.കെ എന്നയാളിനെ നിയമിച്ചു.

വെറ്റിനറി സർജൻ നൽകിയ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ 11/05.2018 ലെ 23/03 നമ്പർ തീരുമാന പ്രകാരം ഭരണസമിതി 5200/- രൂപയ്ക്ക് അനുവദിച്ചു.(വൌച്ചർ നം-21800177/20.06.2018).

ഓഫീസ് ദൈനംദിന പ്രവർത്തികൾക്കാവശ്യമായ രശീത് പിരിവിൻ ഇപ്രകാരം ദിവസക്കൂലിക്ക് ആളിനെ നിയമിച്ച് നടപ്പിലാക്കിയതിന്റെ സാഹചര്യവും ഇപ്രകാരം തുക അനുവദിക്കുന്നതിന് പ്രത്യേക ഉത്തരവുകളുണ്ടെങ്കിൽ അക്കാര്യവും ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ്.

## 1-16 വനിതാ വ്യവസായ കേന്ദ്രം -കരാറിലേർപ്പെടാതെ ഐ.ടി.ഐ ക്ക് വിട്ടു നൽകി.

വനിതകളുടെ തൊഴിൽ സംരംഭത്തിനായി 2004 ൽ നരിപ്പറ്റ ഗ്രാമപഞ്ചായത്ത് പണികഴിപ്പിച്ച വനിതാ വ്യവസായ കേന്ദ്രത്തിന്റെ കെട്ടിടത്തിൽ നിലവിൽ നരിപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ ആണ് പ്രവർത്തിക്കുന്നത്. നിലവിൽ വനിതാ വ്യവസായ കേന്ദ്രത്തിൽ വ്യവസായ യൂണിറ്റുകൾ യാതൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഗവ: ഐ.ടി.ഐക്ക് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ കൈവശത്തിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വനിതാ വ്യവസായ കേന്ദ്രത്തിന്റെ കെട്ടിടം 23.09.2015ലെ 70(1) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് വിട്ടു നൽകുകയും 27.09.2015 ന് ഗവ: ഐ.ടി.ഐ ഗ്രാമപഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തൊഴിൽ വകുപ്പുമായി നിയമാനുസൃതമായ കരാറിൽ ഏർപ്പെടാതെയാണ് കെട്ടിടം ഐ.ടി.ഐ ക്ക് കൈമാറിയത്.

വനിതകളുടെ ക്ഷേമത്തിന് വേണ്ടി വികസന മേഖലയിലെ ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിച്ച കെട്ടിടം വനിതാ ക്ഷേമം, ഉൽപ്പാദനം എന്നീ മേഖലകളിൽ നിലവിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാധ്യതകളും ആവശ്യങ്ങളും ഉണ്ടായിരിക്കെ പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത മറ്റൊരു കാര്യത്തിനായി ഉപയോഗിക്കുവാൻ നൽകിയത് അംഗീകരിക്കാവുന്നതല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 സൗജന്യമായി ലഭിച്ച ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപെടുത്തിയില്ല

നരിപ്പറ്റ ഗ്രാമപഞ്ചായത്തിലേയ്ക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി വിവിധ വ്യക്തികൾ സ്ഥലം സൌജന്യമായി സംഭാവന ചെയ്തിട്ടുണ്ട്.

| ക്രമ നം | ആധാരം നം/ രജിസ്റ്റർ തിയ്യതി | സംഭാവന നൽകിയ ആളിന്റെ പേര് | റീ സർവ്വെ നം | വിസ്തൃതി | ആവശ്യം |
|---|---|---|---|---|---|
| 1 | 1693/17-29 12.2017 | 1.ശ്രീ.വി.കെ കണാരൻ പ്രസിഡന്റ് മുള്ളമ്പത്ത് വികസന സമിതി | 68/ബി, 68/1എ | 7.32 ആർ- | ജി.എസ്.ടി സ്കൂൾ കെട്ടിടം |

| | | | | | |
|---|---|---|---|---|---|
| | | 2.ശ്രീ.എ.കെ രാജീവൻ സെക്രട്ടറി മുള്ളമ്പത്ത് വികസന സമിതി | | 18.08 സെന്റ് | |
| 2 | 169417-<br>29.12.2017 | 1. ശ്രീ.വി.കെ കണാരൻ പ്രസിഡന്റ് മുള്ളമ്പത്ത് വികസന സമിതി<br>2.ശ്രീ.എ.കെ രാജീവൻ സെക്രട്ടറി മുള്ളമ്പത്ത് വികസന സമിതി | 87/002 | 24.28 ആർ-<br>59.97 സെന്റ് | സാംസ്കാരിക നിലയം നിർമ്മാണം |
| 3 | 844/17-<br>13.06.2018 | 1.ശ്രീ.കെ.പി കുഞ്ഞിരാമൻ<br>പ്രസിഡന്റ് മുള്ളമ്പത്ത് വികസന സമിതി<br>2.ശ്രീ.പി.പി കുഞ്ഞിക്കണ്ണൻ<br>സെക്രട്ടറി മുള്ളമ്പത്ത് വികസന സമിതി | 87/71, 87/75 | 26.75 ആർ-<br>66.07 സെന്റ് | പഞ്ചായത്ത് കളിസ്ഥലം |

വിട്ടു നൽകിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സ്ഥലം പഞ്ചായത്തിൻെറ ആസ്തി രജിസ്റ്ററിൽ ഉൾപെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സാന്ത്വന പരിചരണം - നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം - 32/18-19

അടങ്കൽ - 500000/- (പൊതു -400000; ബ്ലോക്ക് പഞ്ചായത്ത് വിഹിതം-100000)

ചെലവ് - 475750/- (പൊതു വിഹിതം - 375750,ബ്ലോക്ക് പഞ്ചായത്ത് വിഹിതം-100000

ബിൽ നം - 1/18-19 തി. 23.07.2018-86000/-

ബിൽ നം - 2/18-19 തി. 18.09.2018-58750/-

ബിൽ നം - 4/18-19 തി. 22.11.2018-50000/-

ബിൽ നം - 5/18-19 തി. 29.12.2018-60000/-

ബിൽ നം-7/18-19 തി. 24.01.2019-30000/-

ബിൽ നം – 9-18-19 തി. 30.01.2019-29750/-

ബിൽ നം-10/18-19 തി. 25.02.2019-26250/-

ബിൽ നം – 11/18-19 തി. 23.03.2019-35000/-

ചെക്ക് നം – 3126794 തി. 5.03.2019-100000/- (ബ്ലോക്ക് വിഹിതം))

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. മേൽ പ്രോജക്ടിൽ 130000/- രൂപ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായാണ് ചെലവഴിച്ചത്. 130000/- രൂപ രണ്ട് തവണയായി (100000+30000)

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബേങ്ക് -മെഡിക്കൽ കോളേജ് ബ്രാഞ്ചിലേയ്ക്ക് 24.01.2019-100000/- രൂപ,08.03.2019 ന് 30000/- രൂപ ട്രാൻസ്ഫർ ചെയ്തു. ഓഡിറ്റ് തിയ്യതി വരെ 80299/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 49701/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 49701 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-19 മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്രവികസനം - പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഗ്രമപഞ്ചായത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഓഡിറ്റ് വർഷം താഴെ സൂചിപ്പിച്ച പ്രകാരം ഇതിന്റെ നടത്തിപ്പിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 11/19 |
| അടങ്കൽ | 593286/- |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 465262/- |
| ബിൽ നം. തി. | 9/19/ 17.10.2018 |

സ.ഉ.(കൈയ്യെഴുത്ത്) നം. 144/2013 തസ്വഭവ തി. 06.04.2013 പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തുന്നതായി കാണുന്നു.

**1.**<u>ഭൗതിക സൗകര്യങ്ങൾ</u>

പ്രവേശിപ്പിക്കപ്പെടുന്ന ഓരോ കുട്ടിക്കും 30 ചതുരശ്ര അടി സ്ഥലം എന്ന് കണക്കാക്കി കുറഞ്ഞത് 750 ച.അടി വിസ്തീർണ്ണമെങ്കിലും ഉള്ള കെട്ടുറപ്പുള്ള ശുചിത്വമുള്ള തടസ്സവിമുക്തമായ കെട്ടിടമായിരിക്കണം. കെട്ടിടത്തോടനുബന്ധിച്ച് 6 സെന്റിലധികം ഭൂമിയുണ്ടായിരിക്കണം, ചുറ്റുമതിലും ഗേറ്റും നിർമ്മിക്കണം. 10 പേർക്ക് ഒന്ന് എന്ന് കണക്കാക്കി സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറേ ടോയ്‌ലറ്റ്, കുളിമുറികൾ ഉണ്ടായിരിക്കണം. എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ച് വരുന്നത് സാംസ്കാരിക നിലയത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ്. കെട്ടിടത്തിന്റെ മുകൾനിലയിൽ ചോർച്ച ഉള്ളതിനാൽ മഴക്കാലത്ത് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കെട്ടിടത്തിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. വെള്ളം സുമാർ ഇരുന്നൂറ് മീറ്റർ അകലെയുള്ള സ്വകാര്യ വ്യക്തിയുടെ കിണറിൽ നിന്ന് എടുക്കുകയാണ് ചെയ്യുന്നത്. ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിന് അടച്ചുറപ്പുള്ള പെട്ടികളോ, പാത്രങ്ങളോ ഇല്ല. ഇരുപതിലേറേ വർഷമായി പ്രവർത്തിച്ച് വരുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഇതുവരെ ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**2.**<u>പരിചരണ സേവനം</u>

ഉച്ചഭക്ഷണം വികസന ഫണ്ട് ഉപയോഗിച്ചും കൂടുതൽ ഭക്ഷണം പൊതുജന പങ്കാളിത്തത്തോടെയും ആരോഗ്യ സേവനങ്ങൾ ആരോഗ്യവകുപ്പ്, ആയുഷ് സന്നദ്ധസേവനം എന്നിവമുഖേന പ്രതിമാസ മെഡിക്കൽ ചെക്കപ്പ് തെറപ്പീസ് സേവനങ്ങൾ ലഭ്യമായ മാർഗ്ഗത്തിലൂടെ. ആരോഗ്യ ഇൻഷ്വറൻസ് സാധ്യമായ രീതിയിൽ ഉറപ്പാക്കണം. എന്നാൽ ഉച്ചഭക്ഷണം ഒഴികെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ഭരണസമിതി ശ്രദ്ധിച്ചിട്ടില്ല.

**3.**<u>അംഗീകാരം</u>

ദേശീയ വികലാംഗ ജന നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം നിശ്ചിതഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യ ക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണ്. എന്നാൽ ഇങ്ങനെയുള്ള അംഗീരം സ്ഥാപനം നേടിയിട്ടില്ല. സ്ഥാപനത്തിന്റെ ഉടമസ്ഥത തദ്ദേശ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നതും അംഗീകാരത്തിനുള്ള അപേക്ഷ സെക്രട്ടറി സമർപ്പിക്കേണ്ടതുമാണ്.

**4.** <u>പങ്കാളിത്ത സംവിധാനം</u>

സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റി 13.12.2016 ന് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി രൂപീകരിച്ചതിന് ശേഷം പിന്നീട് യോഗം ചേർന്നിട്ടില്ല. സ്റ്റുഡന്റ് സ്റ്റാഫ് പേരന്റ് കമ്മിറ്റി (എസ്.എസ്.പി.സി) പി.ടി.എ മാതൃകയിൽ രൂപീകരിക്കണം.10 ഗുണഭോക്താക്കൾക്ക് ഒരു പ്രധിനിധി, പ്രവർത്തകരിൽ ഒരാൾ, രണ്ട് രക്ഷാകർതൃ പ്രതിനിധി, നിർവ്വഹണ ഉദ്യോഗസ്ഥ, എ.ഡി.എസ് സെക്രട്ടറി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായിരിക്കും. ഇത്തരത്തിലൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

**5.**<u>വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.</u>

സ്ഥാപനത്തിന് സ്വന്തമായി വാഹനം ഇല്ല. നിലവിൽ 25 ഗുണഭോക്താക്കളാണ് ഇവിടെ

പഠിക്കുന്നത്. ഇവർ എല്ലാവരും സ്ഥാപനത്തിലേക്ക് നടന്ന് വരികയാണ് ചെയ്യുന്നത്. മാനസിക വെല്ലുവിളികൾ നേരിടുന്ന 85 പേർ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിലും, വാഹന സൗകര്യത്തിന്റെ അഭാവം കാരണം ഇവർക്ക് എല്ലാവർക്കും സ്ഥാപനത്തിലേക്ക് എത്തിച്ചേരാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇത് മൂലം ഗ്രാമപഞ്ചായത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ ഭൂരിഭാഗം പേർക്കും സ്ഥാപനത്തിന്റെ സേവനം ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

**6.** സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല

സ്ഥാപനത്തന്റെ നടത്തിപ്പിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട ക്ഷേമ കാര്യ സ്റ്റാന്റിംഗ് ഇത് നിർവ്വഹിച്ചതായി കാണുന്നില്ല. കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചർച്ച നടന്നതായി കാണുന്നില്ല. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുകയും വിവിധ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തതായി കാണുന്നുണ്ടെങ്കിലും ഇതൊന്നും തന്നെ പ്രാവർത്തികമാക്കിയിട്ടില്ല.

സമൂഹത്തിലേ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ ജാഗ്രതക്കുറവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/18-19 /21.12.19) മറുപടി സമർപ്പിച്ചിട്ടില്ല. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-20 വിവിധോദ്ദേശങ്ങൾക്കുള്ള/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ ഉദ്ദേശങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും/ഗുണഭോക്താക്കളിൽ നിന്നും ലഭിച്ച തുകകളിൽ 5106364/-രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉൾപ്പടെയുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. മേൽ നീക്കിയിരിപ്പ് കൂടി സ്ഥാപനത്തിന്റെ ആകെ നീക്കിയിരിപ്പ് ഉൾക്കൊള്ളുന്നുണ്ട്. വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നല്കിയ തുകയിൽ നാളിതുവരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന 826925/-രൂപ കൂടി മേൽ തുകയിൽ ഉൾപ്പെടുന്നുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | ഉദ്ദേശം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | കറവപ്പശു വിതരണം | 25000 |

| | | | |
|---|---|---|---|
| 2 | ജില്ലാപഞ്ചായത്ത് | മുട്ടഗ്രാമം പദ്ധതി | 23125 |
| 3 | ജില്ലാപഞ്ചായത്ത് | കറവപ്പശു വിതരണം | 10000 |
| 4 | ജില്ലാപഞ്ചായത്ത് | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | വായാട് അംഗൻവാടി നിർമ്മാണം | 568800 |
| ആകെ | | | 826925 |

മേൽ ഫണ്ടുകളുടെ കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പണം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ പി 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി എസ് ബി അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രൊജക്ടുകൾക്കു ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്
2. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.
3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നല്കേണ്ടതുമാണ്.
4. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.
5. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

6. മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നതിനാൽ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് മാർച്ച് 31 ന് ശൂന്യമാകുന്നതാണ്.

എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ധനാഗമനത്തിന്റെയും ധനവിനിയോഗത്തിന്റെയും വിവിധ ഘട്ടങ്ങളിൽ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രധാനപ്പെട്ട വീഴ്ചകൾ താഴെ പറയുന്നു.

എ) ക്രമനം 2 ന്റെ കാര്യത്തിൽ ധനസഹായം നല്കുന്ന തദ്ദേശഭരണ സ്ഥാപനം ഉത്തരവിൽ നിർദ്ദേശിക്കുന്ന സമയക്രമം പാലിച്ചുകൊണ്ടല്ല ഫണ്ട് അനുവദിച്ചിരിക്കുന്നത്. തുക ലഭിച്ചത് 31.3.2018 നാണ്. തൻവർഷം പ്രൊജക്ട് പൂർത്തീകരിക്കപ്പെടില്ലെന്ന വ്യക്തമായ ധാരണ ഫണ്ട് അനുവദിക്കുമ്പോൾ തന്നെയുണ്ടായിരുന്നെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഫണ്ടുകൾ സമയബന്ധിതമായി ലഭിക്കാൻ യാതൊരു ശ്രമവും ഗ്രാമപഞ്ചായത്തും നടത്തിയിട്ടില്ലെന്നതും അപാകതയ്ക്ക് കാരണമായി. മറ്റ് രണ്ട് ഫണ്ടിന്റെയും കാര്യത്തിൽ 2017-18 വർഷം ലഭിച്ചതിൽ ചെലവഴിക്കാനവശേഷിക്കുന്ന തുകയാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്.

ബി) മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരിലേക്ക് സറണ്ടർ ചെയ്യാതെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് 826925/- രൂപ ഈയിനത്തിൽ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

# 1-21 എ.കെ.ജി മെമ്മോറിയൽ സാംസ്കാരിക നിലയം ലൈബ്രറി പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൈവേലിയിൽ പ്രവർത്തിക്കുന്ന എ.കെ.ജി മെമ്മോറിയൽ വായനശാല 21.12.2019 തിയ്യതിയിൽ നേരിട്ട് സന്ദർശിച്ചതിൽ അടഞ്ഞുകിടക്കുന്നതായി ബോധ്യപ്പെട്ടു. രേഖകൾ പരിശോധിച്ചതിൽ ഒരു പാർട്ട് ടൈം ലൈബ്രേറിയനെ സ്ഥാപനത്തിന്റെ നടത്തിപ്പിനായി നിയമിച്ചതായും ടിയാൾക്ക് 16000/- രൂപ നിരക്കിൽ ശമ്പളം നൽകുന്നതായും ബോധ്യപ്പെട്ടു. കൂടുതൽ വിവരങ്ങൾ ആരാഞ്ഞതിൽ സ്ഥാപനം മാസങ്ങളായി പ്രവർത്തിക്കുന്നില്ലെന്നും ലൈബ്രേറിയൻ പഞ്ചായത്തിൽ മറ്റ് ജോലികൾ ചെയ്യുന്നതായും വിശദീകരിച്ചു. 3000-ത്തിൽ അധികം പുസ്തകങ്ങൾ ആർക്കും ഉപകരിക്കാതെ നശിക്കുന്ന അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടു. കൂടാതെ പഞ്ചായത്ത് പ്രതിമാസം തുക അടവാക്കി വാങ്ങുന്ന ദിനപത്രങ്ങളും മറ്റുള്ളവർ സംഭാവന ചെയ്യുന്ന ആനുകാലികങ്ങളും ആർക്കും ഉപകരിക്കാത്ത അവസ്ഥയിലാണ്.

മറ്റുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. 9/12/2019 വരെ വിവിധ തിയ്യതികളിലായി വിതരണം ചെയ്ത പുസ്തകങ്ങളിൽ 26 പുസ്തകങ്ങൾ തിരികെ ലഭിക്കുവാനുണ്ട്.
2. ലൈബ്രറി മെമ്പർഷിപ്പ് ഫീ ആയി വർഷത്തേക്ക് 25 രൂപയുമാണ് ഈടാക്കുന്നത്. പുസ്തകങ്ങൾ 14 ദിവസത്തേക്ക് കൈവശം വെയ്ക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. പുസ്തകങ്ങൾ വൈകി ലഭിക്കുന്ന വേളയിൽ ഫൈൻ ഈടാക്കുന്നില്ല.
3. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധിച്ച് വെരിഫൈ ചെയ്യുന്നില്ല.
4. 2013-14 സാമ്പത്തിക വർഷത്തിലാണ് അവസാനമായി പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത്.

അതിന് ശേഷം ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങിയിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും ലൈബ്രറി നടത്തിപ്പിലെ മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തി-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ പരിഗണിച്ചില്ല

നിർവ്വഹണം -അസി.എഞ്ചിനീയർ

പ്രൊ.നം 66/19 – തെക്കയിൽ മുക്ക് വാട്ടർടാങ്ക് റോഡ് കോൺക്രീറ്റ്

എസ്റ്റിമേറ്റ് തുക – 450000/-രൂപ

ചെലവ് തുക – 439785/-ബിൽ നം 52/26.2.19

മേൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയും പ്രകാരം മൂന്ന് കരാറുകാർ പങ്കെടുത്തിരുന്നു.

| ക്രമനം | കരാറുകാർ | ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | M K മൊയ്തു ഹാജി | 5.3% കുറഞ്ഞ നിരക്ക് |
| 2 | VLCCS,വളയം | 2% കുറഞ്ഞ നിരക്ക് |
| 3 | VSTLCCS | 2.2% കുറഞ്ഞ നിരക്ക് |

മേല്പറഞ്ഞതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ശ്രീ.M.K മൊയ്തു ഹാജിയാണെന്ന് കാണാം. എന്നാൽ 2.2% ക്വോട്ട് ചെയ്ത VSTLCCS എന്ന സ്ഥാപനത്തെയാണ് കരാർ ഏല്പിച്ചത്. ഇപ്രകാരം തീരുമാനം കൈക്കൊള്ളാനുള്ള കാരണങ്ങളൊന്നും തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. അല്ലാത്തപക്ഷം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ തെരെഞ്ഞെടുക്കാത്തതു മൂലം സ്ഥാപനത്തിനുണ്ടായ നഷ്ടം കണക്കാക്കി ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 അങ്കണവാടികൾക്ക് ഗ്യാസിന് സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല.

2012-13 വർഷത്തിലാണ് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് ഗ്യസ് കണക്ഷൻ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയത്. ഭാരത് ഗ്യസ് ഏജൻസി ആവോലം മുഖേന ഗാർഹിക കണക്ഷനാണ് നൽകിയിരിക്കുന്നത്. ഗാർഹിക കണക്ഷനുകൾക്ക് അനുവദനീയമായ നിരക്കിൽ സബ്സിഡി ലഭിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും ഗ്യസ് സബ്സിഡി ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ 31 അങ്കണവാടികളിൽ ഗ്യസ് റീഫിൽ ചെയ്യുന്നതിനായി അധിക തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.7/18-19/21.12.19) മറുപടി സമർപ്പിച്ചിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. സബ്സിഡി ലഭിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 ഐ.കെ.എം. ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 1/19 |
| അടങ്കൽ | 76430 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 76430/- |
| ബിൽ നം. തി. | 7/18-19/28.06.18 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.കെ.എം.ന് 76430/- രൂപ കൈമാറിയിട്ടുണ്ട്. (രശീതി.നം.19460/ തി.23.11.2018) എന്നാൽ ഈ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/18-19 /21.12.19) മറുപടി നൽകിയിട്ടില്ല. 76430/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 5/19 |
| അടങ്കൽ | 900000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 900000/- |
| ബിൽ നം. തി. | 1/119/14.8.2018 |

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ.തി.29.01.2018 പ്രകാരമുള്ള പദ്ധതി

മാർഗ്ഗരേഖ ഖ.7.6 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ.പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/18-19/21.12.19) മറുപടി നൽകിയിട്ടില്ല. വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ ഈ വിഷയത്തിൽ ക്രിയാത്മകമായ പങ്ക് വഹിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തതായി കാണുന്നില്ല. അപാകതകൾ സംബന്ധിച്ച് മതിയായ വിശദീകരണം നൽകേണ്ടതാണ്.

## 1-26 ആട് വളർത്തൽ സബ്സിഡി തുക ഗുണഭോക്താവിന് കൈമാറാതെ ബേങ്കൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 45 ഗുണഭോക്താക്കൾക്ക് ആട് വളർത്തലിന് സബ്സിഡി നൽകുന്നതിന് കക്കട്ടിൽ സർവ്വീസ് സഹകരണ ബേങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. | 110/ 19 |
| അടങ്കൽ | 510000/- (510000ലോൺ) |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 450000/- |
| ബിൽ നം. തി. | 13/18-19 /26.03.2019 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 45 ഗുണഭോക്താക്കൾക്ക് പതിനായിരം രൂപവീതം സബ്സിഡി തുക ബേങ്കിന് കൈമാറിയെങ്കിലും 39 പേർ മാത്രമേ ആടിനെ വാങ്ങിയിട്ടുള്ളൂ. ആറ് പേർക്കുള്ള സബ്സിഡി തുക 60000/-രൂപ കൈമാറാതെ ബേങ്ക് അക്കൗണ്ടിൽ കിടക്കുന്നു.

2. മൂന്ന് ആടുകളുള്ള ഒരുയൂണിറ്റ് വാങ്ങുന്നതിനാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. സ.ഉ.(കൈ) നം.22/2018/തസ്വഭവ.തി.14.02.201 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ 12 കിലോയെങ്കിലും ഭാരമുള്ള ആടിനെയാണ് വാങ്ങേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ആടുകളുടെ ഫോട്ടോയിൽ ഒരു തള്ള ആടിനേയും രണ്ട് കുട്ടികളെയുമാണ് മിക്ക ഗുണഭോക്താക്കളും വാങ്ങിയതായികാണുന്നത്. ജില്ലാതലത്തിൽ അംഗീകരിച്ച യൂണറ്റ്കോസ്റ്റ് പ്രകാരം ഒരു ആടിന് നൽകാവുന്ന പരമാവധി സബ്സിഡി മൂവ്വായിരം രൂപയാണ്. ഇത് പ്രകാരം ഒരുയൂണിറ്റിന് നൽകാവുന്ന പരമാവധി സബ്സിഡി ഒൻപതിനായിരം രൂപ മാത്രമാണെന്നിരിക്കേ ഓരോ ഗുണഭോക്താവിനും

ആയിരം രൂപ അധികം നൽകിയിട്ടുണ്ട്.

3. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച പർച്ചേസിംഗ് കമ്മിറ്റി മിനുട്സ്,മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ്,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ മിനുട്സ് പരിശോധിച്ചതിൽ മേൽ വിഷയത്തിൽ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. ബേങ്ക് അക്കൗണ്ടിൽ ഗുണഭോക്താക്കൾക്ക് കൈമാറാതെ സൂക്ഷിച്ചിരിക്കുന്ന 60000/-രൂപ തിരിച്ചടച്ച് അറിയിക്കേണ്ടതാണ്. പ്രസ്തുത ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 വനിതകൾക്ക് കറവപ്പശു വിതരണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താത്തതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 85 ഗുണഭോക്താക്കൾക്ക് പശു വളർത്തലിന് സബ്സിഡി നൽകുന്നതിന് കക്കട്ടിൽ സർവ്വീസ് സഹകരണ ബേങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. | 99/ 19 |
| അടങ്കൽ | 4400000/- (2200000 ലോൺ) |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 2145000/- |
| ബിൽ നം. തി. | 13/18-19 /26.03.2019 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 85 ഗുണഭോക്താക്കൾക്ക് 27500/- രൂപവീതം സബ്സിഡിയും ബേങ്ക് ലോണും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കിയത്. കക്കട്ടിൽ സർവ്വീസ് സഹകരണ ബേങ്കാണ് ലോൺ അനുവദിച്ചിരിക്കുന്നത്. പശുവിനെ ഗുണഭോക്താവിന് വിറ്റ ആൾക്ക് തുക അനുവദിക്കേണ്ടതിന് പകരം ഗുണഭോക്താവിനാണ് ബേങ്ക് തുക അനുവദിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല.

2. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിലെ ഗുണഭോക്താക്കളുടെ വരുമാന പരിധി 5 ലക്ഷമാണ്. എന്നാൽ ഗുണഭോക്താക്കളിൽ ചിലരുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടവരിൽ സർക്കാർ ജീവനക്കാരും, സർവ്വീസ് പെൻഷൻകാരും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം | ഗുണഭോക്താവിന്റെപേര് | റിമാർക്സ് |
|---|---|---|---|
| 1 | 15 | രാധ, വലിയപറമ്പത്ത് | ഭർത്താവ് ദാമോദരൻ മാസ്റ്റർ സർക്കാർ ജീവനക്കാരൻ |
| 2 | 14 | റസീന | ഭർതൃ പിതാവ് മമ്മുഹാജി സർവ്വീസ് പെൻഷനറാണ്. |
| 3 | 12 | രാധ, എ.കെ.പടിഞ്ഞാറെ അഞ്ചാം കണ്ടി. | ഭർത്താവ് ഹരിദാസൻ വിമുക്ത ഭടനാണ്. |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ കാര്യത്തിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച പർച്ചേസിംഗ് കമ്മിറ്റി മിനുട്സ്, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മൃഗസംരക്ഷണ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ, മേൽ വിഷയത്തിൽ കമ്മിറ്റി ഇടപെടൽ നടത്തിയതായി കാണുന്നില്ല. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ മൂന്ന് ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ച 82500/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 പോത്ത് കുട്ടി വിതരണം സബ്സിഡി തുക ഗുണഭോക്താവിന് കൈമാറാതെ ബേങ്കിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഇരുപത് ഗുണഭോക്താക്കൾക്ക് പോത്ത്കുട്ടി വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. | 109/ 19 |
| അടങ്കൽ | 160000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 128000/- |
| ബിൽ നം. തി. | 14/18-19 / 11.103.2019 |

8000/- രൂപ വീതം സബ്സിഡിയും, ബേങ്ക് ലോണും ഉൾപ്പെടെ ഒരു പോത്ത്കുട്ടിക്ക് 16000/- രൂപയാണ് അനുവദിച്ചത്. കക്കട്ടിൽ സർവ്വീസ് സഹകരണ ബേങ്കാണ് ലോൺ അനുവദിച്ചത്. 16 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ബേങ്കിന് നൽകിയതിൽ 15 പേർക്കുള്ള തുക മാത്രമേ ബേങ്ക് കൈമാറിയിട്ടുള്ളൂ. അയിഷ പരവന്റെവിട (വാർഡ് 11) എന്ന ഗുണഭോക്താവിന്റെ തുക നാളിത് വരെ കൈമാറിയിട്ടില്ല. സബ്സിഡി തുക കൈമാറാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/18-19 /21.12.19) മറുപടി നൽകിയിട്ടില്ല. ഗുണഭോക്താവിന് കൈമാറാതെ സൂക്ഷിച്ച 8000/- രൂപ സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഈ തുക തടസ്സത്തിൽവെയ്ക്കുന്നു.

## 1-29 കാർഷിക മേഖലയിൽ ഗ്രാമ പഞ്ചായത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല

കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിൽ ഭൂവിസ്തൃതിയിൽ വലുതും, മലയോര കാർഷിക മേഖലയിൽ സ്ഥിതിചെയ്യുന്നതും, നിരവധി കർഷകരും കർഷക തൊഴിലാളികളും വിവിധ കാർഷിക വൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നതിനാൽ, കാർഷിക മേഖലയിലെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പഞ്ചായത്തുകളിലൊന്നാണിത്. ഓഡിറ്റ് വർഷം കാർഷിക മേഖലയിൽ വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും ഈ മേഖലയിലെ ഗ്രാമപഞ്ചായത്തിന്റെ സാധ്യതകൾ മനസ്സിലാക്കി പദ്ധതികളാവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല.

നവകേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കാർഷിക മേഖലയിൽ ഹരിതകേരളം മിഷൻ നിർദ്ദേശങ്ങളും, പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും സമന്വയിപ്പിച്ച് പദ്ധതികളാവിഷ്കരിക്കാൻ കാർഷിക മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധിച്ചിട്ടില്ല. സ.ഉ.(കൈ) നം.11/2018/തസ്വഭവ/ തി.29.1.2018 പ്രകാരമുള്ള പദ്ധതിമാർഗ്ഗ രേഖയിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. കാർഷികമേഖലയിലെ പദ്ധതികൾക്ക് സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കണം

2. ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഭക്ഷ്യോത്പാദനത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയണമെന്ന ലക്ഷ്യത്തോടെയായിരിക്കണം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്

3. കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിങ്ങനെയുള്ള കൃഷികൾ ഉൾപ്പെടുന്ന സംയോജിത കൃഷിസം മ്പ്രദായങ്ങൾ അവലംബിച്ച് കൃഷിഭൂമിയിൽ നിന്ന് പരമാവധി വരുമാനം കർഷകന് ലഭിക്കുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകണം.

4.മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

5. ജൈവകൃഷിയും, ജൈവവളങ്ങളുടെയും, ജൈവ കീടനാശിനികളുടെയും ഉൽപ്പാദനവും, ഉപയോഗവും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് പരിഗണന നൽകണം.

ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് കാർഷികമേഖലയിലെ ഉപദൗത്യങ്ങളിൽ പ്രധാനപ്പട്ടവ താഴെപറയുന്നു.

1. പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്,പഴവർഗ്ഗങ്ങൾ) സ്വയംപര്യാപ്തത നേടാനുതകുന്നവിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.

2. ഗാർഹിക, സ്ഥാപനതലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കംമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസിഥിതി സംരക്ഷണം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.

3. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾകൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്നപൊതുസ്ഥലങ്ങളിൽ വ്യപകമായി പച്ചക്കറി ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർധിപ്പിക്കുക.

ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ കാർഷികമേഖലയെപ്പറ്റി സമഗ്രമായി പ്രദിപാദിച്ചിട്ടില്ല. മേഖലയിലെ പദ്ധതികളാവിഷ്കരിക്കുന്നതിനുതകുന്നതരത്തിലുള്ള സ്ഥിതിവിവരകണക്കുകൾ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കാർഷികമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി വർഷത്തിൽ മൂന്ന് തവണ യോഗം ചേർന്നെങ്കിലും മേൽസൂചിപ്പിച്ച നിർദ്ദേശങ്ങൾ ചർച്ചചെയ്യുകയോ, പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തിയതായോ കാണുന്നില്ല. ഓഡിറ്റ് വർഷം കാർഷികമേഖലയിൽ എട്ട് പുതിയ പദ്ധതികളാവിഷ്കരിച്ചങ്കിലും ഇതിൽ അഞ്ചെണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. മൂന്നെണ്ണം നടപ്പിലാക്കിയിട്ടില്ല. നടപ്പാക്കിയ പദ്ധതികളിൽ ജൈവ പച്ചക്കറി വികസനം (പ്രോ.നം85/19), കുറ്റിക്കുരുമുളക് വികസനം (പ്രോ.നം98/19), ഇടവിള കൃഷിവികസനം (പ്രോ.നം96/19) എന്നീ പദ്ധതികളിൽ ഗുണഭോക്താക്കളുടെ നികുതി ശീട്ട്, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 5/18-19/21.12.19) ക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതും, ഭാവിയിൽ പദ്ധതികളാവിഷ്കരിക്കുമ്പോൾ ഹരിതകേരള മിഷൻ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനുതകുന്ന തരത്തിലുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## **1-30** ലൈഫ് ഭവന പദ്ധതി മുഴുവൻ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തിയാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ മുൻകാലങ്ങളിൽ ആനുകൂല്യം കൈപ്പറ്റുകയും എന്നാൽ പണിപൂർത്തിയാക്കാൻ കഴിയാത്ത 26 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 24 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരാണ്

ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 119 പേർ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ 104 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 15 പേർ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | വാർഡ് | നിർമ്മാണ ഘട്ടം | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ലീഷ്മ ശശി, കുമുള്ളമ്മൽ | 9 | ബേസ് മെന്റ് | 40000 |
| 2 | സുശീല വിനോദൻ | 2 | ബേസ് മെന്റ് | 40000 |
| 3 | ദേവി, തച്ചറുകണ്ടികുനിയിൽ | 10 | വാൾ പ്ലേറ്റ് | 200000 |
| 4 | വിനിഷ.മൊയിലോത്ത് | 10 | വാൾ പ്ലേറ്റ് | 200000 |
| 5 | മിനി വിൻസെന്റ്, കോട്ടശ്ശേരി | 2 | വാൾ പ്ലേറ്റ് | 200000 |
| 6 | കല്യാണി കൃഷ്ണൻ, മേക്കോട്ടേൽ | 6 | ബേസ് മെന്റ് | 40000 |
| 7 | ശാന്ത ബാബു, കിഴക്കേവള്ളിത്തറ | 6 | വാൾ പ്ലേറ്റ് | 200000 |
| 8 | മാതു, കല്ലുള്ളപൊയിൽ | 3 | ബേസ് മെന്റ് | 200000 |
| 9 | റീജ മനോജൻ, കുട്ടിത്തണ്ണി | 4 | വാൾ പ്ലേറ്റ് | 200000 |
| 10 | ലിജി അറക്കലാപൊയിൽ | 6 | വാൾ പ്ലേറ്റ് | 260000 |
| 11 | ലീല, രാജൻ കണിയാങ്കണ്ടിയിൽ | 13 | റൂഫ് | 260000 |

| | | | | |
|---|---|---|---|---|
| 12 | ജാനു മയങ്ങിയിൽ | 6 | റൂഫ് | 40000 |
| 13 | കമല ചീളുപറമ്പത്ത് | 4 | വാൾ പ്ലേറ്റ് | 200000 |
| 14 | മാതു അരീക്കര കിഴക്കയിൽ | 9 | വാൾ പ്ലേറ്റ് | 200000 |
| 15 | ചീരു, ചുഴലിക്കര | 16 | വാൾ പ്ലേറ്റ് | 240000 |

പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയതല്ലാതെ, അതിനപ്പുറം ലൈഫ് മിഷൻ നിർദ്ദേശിച്ച രീതിയിലുള്ള ശാക്തീകരണ പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ നടന്നതായി കാണുന്നില്ല. മാത്രമല്ല പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തലത്തിൽ രൂപീകരിക്കേണ്ട കർമ്മസമിതികൾ രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/18-19/21.12.19) മറുപടി നൽകിയിട്ടില്ല. മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 09/07/2019-10.07.2019 | കെഎസ്എ കെകെഡി./ഇ2/ 887/19(47) തി.02.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| | 2018-19 | 300000 | പാൽ ഇൻസെന്റീവ് | 300000 | 0 |
| | 2018-19 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | 2018-19 | 500000 | ലൈഫ് ഭവന പദ്ധതി | 500000 | 0 |
| സെക്രട്ടറി ജില്ലാപഞ്ചായത്ത് | 2017-18 | 2196150 | ലൈഫ് ഭവന പദ്ധതി | 2196150 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 1000000 | കറവപ്പശു വിതരണം | 975000 | 25000 |
| | 2018-19 | 125000 | മുട്ട ഗ്രാമം പദ്ധതി | 125000 | 0 |
| | 2018-19 | 125000 | ഭിന്നശേഷി സ്കോളർഷിപ്പ് | 125000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 12560000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി വായ്പ (കെ.യു.ആർ.ഡി. എഫ്.സി) | ജി.ഒ (എം.എസ്) 68/2018 ത.സ്വ.ഭ.വ തി-18.05.2018 | 12560000 | 12560000 | 0 | | 12560000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 2000000 |
| ആകെ | 2000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്-മുള്ളമ്പത്ത് ബ്രാഞ്ച് | 4.02.2019 | 4.02.2020 | 2000000 | |
| ആകെ | | | | 2000000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 (മറ്റ് പരാമർശം) | 11.14 | പൂർത്തീകരിക്കാത്ത ജലസേചന പദ്ധതി | തുടരുന്നു |
| 2001-02 | | 2003-04 | 11.14 | കല്ലുമ്മൽ- | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | (മറ്റ് പരാമർശം) | | പാറേന്റ മീത്തൽ റോഡ് | |
| 1998-99 | 1 | 2004-05 (പൊതു പരാമർശം) | 11.1.2.1 | ബജറ്റിന്റെ കോപ്പി, മിനുട്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല | തുടരുന്നു |
| 1998-99 | | 2004-05 (പൊതു പരാമർശം) | 11.3(1)(24) | നികുതി പിരിവിൽ അലംഭാവം | തുടരുന്നു |
| 1999-2000 | | 2004-05 (പൊതു പരാമർശം) | 11.1.3.49 | നികുതി പിരിവിൽ അലംഭാവം | തുടരുന്നു |
| 2000-01 | 3.3 | 2005-06 | 2.70.1.9.15 | തൊഴിൽ നികുതി രജിസ്റ്റർ കൃത്യമല്ല | 2014-16 ഖ25 എൽ.എഫ്. എ.സി റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2000-01 | 2-1 | 2005-06 | 2.70.1.11.22.77 | രജിസ്റ്റർ കൃത്യമല്ല | 014-16 ഖ-31 എൽ.എഫ്. എ.സി റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ |

| | | | | | |
|---|---|---|---|---|---|
| | | | | | ശുപാർശ ചെയ്യു. |
| 2000-01 | 2-3 | 2016-17 | 2.70.1.11.22.77 | തൊഴിൽ നികുതി പിരിച്ചിട്ടില്ല | |
| 2015-16 | 2-1 | 2016-17 | അനുബന്ധം – 5.211 | തൊഴിൽ നികുതി അപാക തകൾ | തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 9(1) | ശ്രീ.ഐ നാരായണൻ | എൽ.എഫ്./ 14146/ SP Cell. Sc4/2000/ 20.10.01 | 295 | | - | - | - | | 295 | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,54,46,661 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83609210 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 276631 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 49701 | ഡോ.ഗ്രീഷ്മ പ്രിയ<br>മെഡിക്കൽ ഓഫീസർ |
| 1-24 | 76430 | ശ്രീ.സൂര്യകാന്ത് കെ.കെ<br>സെക്രട്ടറി (റിട്ടയേർഡ്) |
| 1-26 | 60000 | ഡോ.റീന കെ<br>വെറ്റിനറി സർജൻ |
| 1-27 | 82500 | ഡോ.റീന കെ<br>വെറ്റിനറി സർജൻ |
| 1-28 | 8000 | ഡോ.റീന കെ<br>വെറ്റിനറി സർജൻ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സൂര്യകാന്ത് കെ.കെ<br>സെക്രട്ടറി (റിട്ടയേർഡ്) | സെക്രട്ടറി റിട്ടയേർഡ് | ശ്രേയസ്സ്,<br>കരിയാട് സൌത്ത്,<br>കണ്ണൂർ |
| ഡോ.റീന കെ<br>വെറ്റിനറി സർജൻ | കാഫ് ഫീഡ് സെക്ഷൻ,<br>വടകര സർക്കിൾ,<br>എഫ്.എൽ.ബി.പി<br>കോഴിക്കോട്.<br>പുതിയറ പി.ഒ | 2/127A, ചിത്തിര,<br>കാരപ്പറമ്പ് (പി.ഒ)<br>കോഴിക്കോട്-673010 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(8)/2011തീ: 18.6.01 | 1(16) |

| | | |
|---|---|---|
| 1996-97 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി6/ 833(5)/ 01തീ:11.02.2011 | 8(5,6, 9(1), 9(2), 10,15,19,11) |
| 1996-97 ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി6/ 833(5)/2010/ തി-11-2-2011 | 7(5,6,9(1), 9(2), 10,15,19) |
| 1997-98 ചെലവ് | കെ.എസ്.എ.കെ.കെ.ഡി.പി17./ 437/19തീ: 08.05.2019 | 7(14,15,16,18, 20,21,24) |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(12)/2011 തീ:6-12-2011 | 5(1എ,8,21,22, 24ബി) |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(13)/2011 തീ: 6-12-2011 | 10(16,19,20,22, 23,24,25,26, 28, 29) |
| 1999-00 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി പി6/ 1689/ 2011തീ:8-12-2011 | 4(1സി),21, 22(1), 22(2)) |
| 1999-00 ചെലവ് | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(15)/2011തീ:8-12-2011 | 7(8,9,12,13, 14,16,17) |
| 2000-01 വരവ് – ചെലവ് | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(17)/2011 തീ: 8-12-2011 | 10(2-1,2-3, 3-1, 3-2, 3-3,3-4,3-5,3-6, 3-7,3-8) |
| 2000-01 പദ്ധതി | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(17)/11/ തീ:06-12-2011 | 8(3,4,5,6,9, 10,11,12) |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(18)/2011/തീ: 8-12-2011 | 4(2-1,2-2, 3-2,3-3) |
| 2001-02 പദ്ധതി | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(19)/11/ തീ:8-12-2011 | 7(3,4(1), 4(2), 5,7,11,12) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/എസ്1/ | 12 |

| | | |
|---|---|---|
| | 1133/07തീഃ 05.02.08 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/എസ്1/ 618/08/ തീഃ2.9.08 | 11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/ 619/ 09/തീഃ2.9.09 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി6/1820/ 2011/തീഃ4-1-2012 | 21(2-1(1), 2-1(2), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13(1,2), 3-14,4-1) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/642/ 10/തീഃ28-10-2010 | 13(2-4,2-5,2-6, 2-7,3-1,3-2,3-4, 3-5,3-6,3-8,3-9, 3-14,3-15,3-16) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി6/455/11/ തീഃ5-02-2011 | 23(1-3,2-1,2-3, 2-6,2-7(1), 3-1,3-2,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12, 3-13,3-14, 3-16(എ), 3-16(ബി),3-17, 4-2,4-6(ബി)) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി6/1648/ 2012/തി-02-04-2013 | 15(2-1,2-2,3-1, 3-4,3-5, 3-6,3-7,3-9, 3-11, 3-12, 3-13, 3-14 |

| | | |
|---|---|---|
| | | 3-15, 3-16, 4-6), 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി6/815/ 2013/തി-17-07-2013 | 10(2-1(11), 2-5,<br>3-1, 3-5,<br>3-6, 3-7, 3-8, 3-9,<br>3-11,4-2) |
| 2010-11 &11-12 | കെ.എസ്.എ/കെ.കെ.ഡി/ പി6/1600/2014 തി-12.11.2014 | 1-5, 1-6, 1-7, 1-8, 2-1, 3-3,<br>3-4, 3-5, 3-7, 3-8, 3-9,<br>3-10, 3-11, 3-12, 3-13,<br>3-16, 3-17, 3-18, 4-1 |
| 2012-13, 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി9/1007/2017 തി-12.10.2017 | 23(2-2,2-3,3-1,<br>3-2,3-3,3-4,<br>3-5,3-6,3-7,<br>3-9,3-10,<br>3-11,3-12,3-13,<br>3-14,3-15,<br>3-16,3-17,3-18,<br>3-19,3-20,<br>3-22, 3-23 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി9/1739/16 തി-25.03.2017 | 11(2-2,3-1,3-4(1),<br>3-5, 3-7,<br>3-10,3-12, 3-13,3-14,<br>3-15,3-17, |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി9/960/ 2017/12-06-2017 | 10(2-1,2-2,2-3,3-1,<br>3-2,3-3(1,2)4-3,<br>4-4,4-6) |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി17/866/ 2018/12-06-2018 | 8(2-1,2-4,2-5, 3-1(1), 3-1(2), 3(2) 3-8, 3-10, 3-13) |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി17/256/ 2019/13-03-2019 | 25(1-12,2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19) |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി./പി.3/10/2020 തീയതി: 10.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-11 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്**